LIBRARY ARCHIVES Kerala Legislative Assembly

വിദ്യാ തരംഗിണി പദ്ധതി

275(289) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഡിജിറ്റൽ പഠനം ഉറപ്പുവരുത്തുവാനായി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിദ്യാ തരംഗിണി പദ്ധതിപ്രകാരം എത്ര കുട്ടികൾക്ക് എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പ് നടപ്പിലാക്കിയ വിദ്യാതരംഗിണി പദ്ധതിപ്രകാരം 15-7-2021 വരെ 19114 വിദ്യാർത്ഥികൾക്ക് 18,16,62,491 രൂപ വായ്പയായി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി നീട്ടുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിദ്യാതരംഗിണി പദ്ധതിപ്രകാരം ഒരു സംഘത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി 5,00,000 രൂപയായി നിജപ്പെടുത്തിയിരുന്നു. വർദ്ധിച്ച വായ്പാ ആവശ്യം കണക്കിലെടുത്ത് ടി പദ്ധതിപ്രകാരം ഒരു സംഘത്തിന്റെ വായ്പ പരിധി 10,00,000 രൂപ വരെ ഉയർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം എ ക്ലാസ്സ് അംഗങ്ങൾക്ക് മാത്രമായി നൽകിയിരുന്ന വായ്പ, തിരിച്ചടവ് ഉറപ്പാക്കി സി ക്ലാസ്സ് അംഗങ്ങൾക്കുകൂടി അനുവദിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

റിസ്ക് ഫണ്ടിൽനിന്ന് ധനസഹായം

276(290) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡല ത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

220 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 179 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.